**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 - പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കി നിയമനം കാത്തു നിൽക്കുന്ന കാലയളവുകൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.1321/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.05.2015

പരാമർശം:- 1) നഗരകാര്യ ഡയറക്ടറുടെ 20.11.2014 തീയതിയിലെ ഇ2-20852/12/Vol-III(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയിൽ നിയമനം ലഭിച്ച് പ്രീസർവ്വീസ് പരിശീലനം പൂർത്തിയാക്കിയ നഗരസഭാ സെക്രട്ടറിമാരുടെ പരിശീലനം പൂർത്തിയാക്കി നിയമനം കാത്തുനിൽക്കുന്ന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നഗരകാര്യ ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ സെക്രട്ടറിയായി കേഡർ പോസ്റ്റിൽ നിയമിക്കുന്നതിന് മുമ്പ് നൽകുന്ന പ്രീസർവ്വീസ് പരിശീലനം പ്രസ്തുത തസ്തികയിലെ ഡ്യൂട്ടി അല്ലാത്തതിനാൽ ട്രെയിനിംഗ് കാലയളവ് കഴിഞ്ഞ് ഡ്യൂട്ടിയിൽ ചാർജ്ജെടുക്കുന്നതു വരെയുള്ള ഇടവേള കെ.എസ്.ആർ. ഭാഗം I ചട്ടം 12(7) നു താഴെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കാനാകില്ല. കെ.എസ്.ആർ. ഭാഗം I ചട്ടം 23((a) പ്രകാരം മുനിസിപ്പൽ സെക്രട്ടറിയായി ചാർജെടുക്കുന്ന തീയതി മുതൽ മാത്രമേ പ്രസ്തുത തസ്തികയിലെ ശമ്പളത്തിനർഹതയുള്ളൂ. കെ.എസ്.ആർ. ഭാഗം I ലെ ചട്ടം 2 നു കീഴിലെ 6-ാം ഉപവകുപ്പ് പ്രകാരം 'ഡ്യൂട്ടി' യെക്കുറിച്ച് നിർവ്വചിച്ചിരിക്കുന്നത് ഒരു സർവ്വീസിലെ അംഗം (member of service) എന്ന നിലയ്ക്കാണ്. ആ നിലയ്ക്ക് ടി ഉപവകുപ്പിനു കീഴിലെ ക്ലോസ് (e) യിൽ ഡ്യൂട്ടിക്കായി റിപ്പോർട്ട് ചെയ്തശേഷം പോസ്റ്റിംഗ് ഓർഡറിനായി കാത്ത് നിൽക്കുന്ന സമയം ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്

അതിനോടകം തന്നെ സർവ്വീസിൽ അംഗമായിക്കഴിഞ്ഞിട്ടുള്ള ഒരാളുടെ കാര്യത്തിൽ മാത്രമാണ്. അല്ലാതെ ഒരു തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ടെങ്കിലും ടി തസ്തികയിൽ ഒരിക്കൽപോലും ചാർജെടുത്ത് ഡ്യൂട്ടി ചെയ്യാൻ കഴിയാത്ത ഒരാളുടെ കാര്യത്തിൽ ടി ക്ലോസ് ബാധകമാക്കാൻ കഴിയില്ല. ആയതിനാൽ കെ.എസ്. & എസ്.എസ്. ആർ ഭാഗം I ലെ ചട്ടം 2(6)(e) യുടെ ആനുകൂല്യം ലഭിക്കുന്നില്ല.

മേൽ സാഹചര്യത്തിൽ മൂന്നാം ഗ്രേഡ് നഗരസഭാ സെക്രട്ടറിമാർ പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കി പ്രസ്തുത തസ്തികയിൽ നിയമനത്തിനായി കാത്തു നിൽക്കുന്ന കാലയളവുകൾ ശമ്പളമോ അലവൻസുകളോ സ്റ്റൈപ്പന്റോ കൂടാതെയുള്ള പ്രീസർവ്വീസ് ട്രെയിനിംഗിന്റെ ദീർഘിപ്പിക്കലായി ക്രമീകരിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്,
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**പകർപ്പ്:** ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.